# ദേവസ്വം വ്യവസായ സ്ഥാപനത്തിന്റെ നിർവ്വചനത്തിൽപ്പെടും

**കേരള ഹൈക്കോടതി**

W.P. (C) No. 26820/2018 Dt. 27.1.2020

ചേലമറ്റം ദേവസ്വം x സ്റ്റേറ്റ് ഓഫ് കേരള

ചേലമറ്റത്തെ ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ വസ്തുക്കളുടെയും സ്വത്തുക്കളുടെയും മേൽനോട്ടവും ഭരണനിർവ്വഹണവുമാണ് ദേവസ്വത്തിന്റെ ചുമതല. ദേവസ്വത്തിന്റെ കീഴിൽ കച്ചവട കെട്ടിടസമുച്ചയങ്ങളും ലോഡ്ജുകളും കല്യാണ മണ്ഡപങ്ങളും ബുക്സ്റ്റോളും കേന്റീനും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിന്നുള്ള വരുമാനത്തിനു പുറമെ പ്രസാദ വില്പനയിലൂടെയും ദേവസ്വം ലാഭമുണ്ടാക്കുന്നുണ്ട്. ദേവസ്വം നിയമിച്ച എക്കൗണ്ടന്റാണ് ഗീത. എക്കൗണ്ടന്റിനെതിരെ പെരുമാറ്റദൂഷ്യം ആരോപിച്ച് മേനേജ്മെന്റ് ഗാർഹികാന്വേഷണം നടത്തി. എക്കൗണ്ടന്റ് കുറ്റക്കാരിയാണെന്ന് തെളിഞ്ഞിട്ടുണ്ടെന്ന് ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് തൊഴിലാളിയെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതു സംബന്ധിച്ച് തൊഴിലാളി ഉന്നയിച്ച വ്യവസായ തർക്കം എറണാകുളം ലേബർ കോടതി തള്ളിക്കളഞ്ഞു. ദേവസ്വം വ്യവസായ സ്ഥാപനമോ എക്കൗണ്ടന്റ് തൊഴിലാളിയോ അല്ലാത്തതിനാൽ എക്കൗണ്ടന്റിന്റെ പരാതി തീർപ്പാക്കാൻ അധികാരമില്ലെന്നു കണ്ടാണ് ലേബർ കോടതി വ്യവസായ തർക്കം തള്ളിക്കളഞ്ഞത്. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സിംഗിൾ ബഞ്ചിന്റെ വിധി ദേവസ്വത്തിന് അനുകൂലമല്ലാതിരുന്നതിനാൽ ദേവസ്വം അതിനെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. എക്കൗണ്ടന്റിന്റെ തൊഴിലുടമ ക്ഷേത്രമല്ലെന്നും ദേവസ്വമാണെന്നും ചൂണ്ടിക്കാട്ടിയ ഡിവിഷൻ ബഞ്ച് വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്ന ദേവസ്വം വ്യവസായ സ്ഥാപനമാണെന്ന് പ്രഖ്യാപിച്ചു. കേസ് പുനരെടുത്ത് വിചാരണ ചെയ്ത് തീർപ്പ് കല്പിക്കണമെന്ന് വിധിച്ച ഡിവിഷൻ ബഞ്ച് കേസ് ലേബർ കോടതിയിലേക്ക് തിരിച്ചയച്ചു. ദേവസ്വത്തിന്റെ നിയമാവലിയും ചട്ടങ്ങളും പ്രവർത്തനോദ്ദേശ്യങ്ങളും വിശകലനം ചെയ്ത ലേബർ കോടതി ദേവസ്വം ലാഭമുണ്ടാക്കുന്ന വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനാൽ ‘വ്യവസായം’ എന്നതിന്റെ നിർവ്വചനത്തിൽപ്പെടുമെന്ന് വിധിച്ചു. ഇതിനെതിരെ ദേവസ്വം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. മതപരവും ആദ്ധ്യാത്മികവുമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്ന ദേവസ്വം വാണിജ്യ വ്യവസായ സ്ഥാപനമല്ലെന്ന് ദേവസ്വം വാദിച്ചു. സാമൂഹിക-പരോപകാര പ്രവൃത്തികൾ ചെയ്യുന്ന സ്ഥാപനങ്ങളെ ‘വ്യവസായം’ എന്നതിന്റെ നിർവ്വചനത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് ദേവസ്വം ചൂണ്ടിക്കാട്ടി. ക്ഷേത്രവും തൊഴിലാളിയും തമ്മിലല്ല തർക്കമെന്നും കോടിക്കണക്കിന് രൂപയുടെ വാർഷിക വിറ്റുവരവുള്ള സ്ഥാപനമാണ് ദേവസ്വമെന്നും തൊഴിലാളി വാദിച്ചു. ദേവസ്വത്തിന്റെ നിയമാവലിയിൽ നിന്നും വാർഷിക റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നത് അത് വാണിജ്യ-വ്യവസായ പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ദേവസ്വത്തിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും ചെയ്തു.